**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**2017 ആഗസ്റ്റ് 16 ലെ മറുപടിക്ക്**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2058**

## വില്ലേജാഫീസർ തസ്തിക ഉയർത്താൻ നടപടി

| ചോദ്യം:ശ്രീമതി ഗീതാ ഗോപി,<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജൻ | ഉത്തരം: ഡോ: തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) വില്ലേജാഫീസർമാരുടെ ജോലിഭാരവും ഉത്തരവാദിത്തവും സംബന്ധിച്ച് വിശദമായ പഠനം നടത്തി 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ അവരുടെ തസ്തികയെ ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിലേയ്ക്ക് ഉയർത്താൻ നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും പ്രസ്തുത തസ്തികയ്ക്ക് ജൂനിയർ സൂപ്രണ്ടിനും ഹെഡ് ക്ലാർക്കിനും ഇടയിലുള്ള ഒരു ശമ്പളസ്കെയിൽ നിശ്ചയിച്ച് ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് അറിയിയ്ക്കുമോ; | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്ത അളവിലുള്ള ശമ്പള വർദ്ധനവ് നടപ്പിലാക്കുവാൻ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ലാത്തതിനാൽ ശമ്പള കമ്മീഷൻ ശുപാർശകൾ സർക്കാർ കൈക്കൊണ്ട പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ, മാറ്റം വരുത്തിയാണ് ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) മറ്റു വകുപ്പുകളിലും സെക്രട്ടേറിയറ്റിലും ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവിലൂടെ നടപ്പിലാക്കിയപ്പോൾ റവന്യൂ വകുപ്പിലും അപ്രകാരം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കുമോ എന്നറിയിക്കാമോ; | സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള പൊതുനയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പള സ്കെയിലുകൾ നിർണ്ണയിച്ചിട്ടുള്ളത്. അതേ തീരുമാനമാണ് റവന്യൂ വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളത്. |

| | |
|---|---|
| (സി) വില്ലേജാഫീസർമാരുടെ സമാന തസ്തികകളായിരുന്ന പഞ്ചായത്ത് സെക്രട്ടറി, സബ് രജിസ്ട്രാർ, സബ് ഇൻസ്പെക്ടർ തസ്തികകൾ ഗസറ്റഡും അതിന് തൊട്ടടുത്ത സ്കെയിലുകളിലും എത്തിയെങ്കിലും നിയമങ്ങൾ കൈകാര്യം ചെയ്യുന്ന ഉത്തരവാദിത്തപ്പെട്ട ജോലിഭാരം പേറുന്ന വില്ലേജാഫീസറുടെ തസ്തികയിൽ മാത്രം ഉയർച്ച ഉണ്ടാകാത്തത് നമ്മുടെ സംവിധാനത്തെത്തന്നെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നതിനാൽ വില്ലേജാഫീസർ തസ്തിക ശമ്പളക്കമ്മീഷൻ ശിപാർശ പ്രകാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | അത്തരം ആവശ്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**